"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി - വീട് പുനരുദ്ധാരണം ആവശ്യമുള്ള അതിദരിദ്ര വിഭാഗത്തിൽപെട്ടവരിൽ SAFE പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും പൊതുവിഭാഗത്തിൽ പെട്ടവർക്കും ധനസഹായം നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1677/2024/LSGD തീയതി,തിരുവനന്തപുരം, 10-09-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ) നം.146/2022/തസ്വഭവ; തീയതി 08.07.2022
5. സ.ഉ.(സാധാ)നം.990/2022/SCSTDD, തീയതി 27.09.2022
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.10.2023, 02.05.2024 തീയതികളിലെ LSGD/PD/60934/2023-EPEP1 നമ്പർ കത്തുകൾ.
7. സ.ഉ.(സാധാ)നം.1236/2024/തസ്വഭവ; തീയതി 07.07.2024

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ അതിദരിദ്രരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി, അവർക്കായി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കി, അതിദാരിദ്ര്യത്തിൽ നിന്നും അവരെ കരകയറ്റുന്നതിനുള്ള മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന്, തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട പരാമർശം 1, 2 മാർഗ്ഗരേഖകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മൈക്രോപ്ലാനുകൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം 4 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. അതിദരിദ്രരുടെ വീട് അറ്റകുറ്റ പണികൾ നടത്തുന്നത് അത് പ്രകാരം ഹ്രസ്വ കാലയളവിൽ നടപ്പാക്കാവുന്ന പദ്ധതികളിൽ പെടുത്തിയിട്ടുണ്ട്.

2. പരാമർശം 3 മാർഗ്ഗരേഖയിലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് പരമാവധി 1,50,000 രൂപയുമാണ് മറ്റ് വ്യവസ്ഥകളോടെ തദ്ദേശ

ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാനാകുക. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ മൈക്രോ പ്ലാനുകൾ പ്രകാരം ഭവന പുനരുദ്ധാരണം ആവശ്യമായ കുടുംബങ്ങൾക്ക്, നിലവിലെ സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ആനുകൂല്യം, അവരുടെ അതിദാരിദ്ര്യം മൂലം പുനരുദ്ധാരണം നടത്തുന്നതിന് പ്രായോഗികമായി തികയാതെ വരുന്ന സാഹചര്യമുള്ളതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 6 പ്രകാരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടും വീടുകൾ പൂർത്തീകരിക്കാൻ സാധിക്കാത്ത പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ പ്പെട്ടവർക്ക്, അത് പൂർത്തീകരിക്കുന്നതിനും വീടുകൾ പുനരുദ്ധരിക്കുന്നതിനും SAFE (Secure Accommodation and Facility Enhancement) പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് രണ്ട് ലക്ഷം രൂപ വീതം നൽകുന്നുണ്ടെന്നും ഇതേ മാതൃകയിൽ അതിദരിദ്ര കുടുംബങ്ങളിൽ ഭവന പുനരുദ്ധാരണം ആവശ്യമുള്ള എല്ലാ കുടുംബങ്ങൾക്കും രണ്ട് ലക്ഷം രൂപ വീതം നൽകുന്നതിനുള്ള നടപടി പരിഗണിക്കാവുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭവന പുനരുദ്ധാരണത്തിന് സഹായം ആവശ്യമുള്ള അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട, SAFE പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും പൊതുവിഭാഗത്തിൽ പെട്ടവർക്കും, അതത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സാങ്കേതിക വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്ന പ്രകാരമുള്ള തുക, രണ്ട് ലക്ഷം രൂപ എന്ന പരിധിക്ക് വിധേയമായി അർഹരായ ഗുണഭോക്താക്കൾക്കായി വിനിയോഗിക്കാൻ, നിലവിലുള്ള പരിധിയിൽ ഇളവ് അനുവദിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. സ്റ്റേറ്റ് നോഡൽ ഓഫീസർ, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 11-09-2024 11:13:54

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്